പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5467 27.03.2018 -ൽ മറുപടിയ്ക്ക്

## മാർക്കറ്റുകളിൽ വിഷ വിമുക്ത പച്ചക്കറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.എ. എൻ. ഷംസീർ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | മാർക്കറ്റുകളിൽ വിഷവിമുക്ത പച്ചക്കറികൾ എത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെങ്കിലും മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. മാർക്കറ്റുകളിൽ വിഷവിമുക്ത പച്ചക്കറികൾ എത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് മുതൽ "സേഫ് റ്റു ഈറ്റ്" എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in ലും, കേരള കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്നുമാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധന ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ആയതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് ( തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട് . |
| (ബി) | സംസ്ഥാന സർക്കാർ നേരിട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കൃഷിയോഗ്യമായ എത്ര സ്ഥലങ്ങൾ കണ്ടെത്തി; എത്ര സ്ഥലങ്ങളിൽ കൃഷിയിറക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് ഫലപ്രാപ്തിയിൽ എത്തിക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 54680.735 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയിറക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും നാളിതുവരെ 7.131 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മൂന്നാം വിള കൃഷി നടന്നു വരുന്നു.<br>പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാനും പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയായ സമഗ്ര |

(--- 2)

പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

**വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം:** വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുകൾ നൽകുന്നു. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**മട്ടുപ്പാവ് കൃഷി പ്രോത്സാഹനം:** മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുന്നു. ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകുന്നു. കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ ധനസഹായം നൽകി.

**സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി:** തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറി കൃഷി ചെയ്യുന്നതിനു വേണ്ട ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽപച്ചക്കറി കൃഷിയ്ക്കായി ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിട്ടുണ്ട്. കൂടാതെ പ്രോജക്ടടിസ്ഥാനത്തിൽ സർക്കാരിതര സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ എന്നിവ വഴി പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകുന്നുണ്ട്.

പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ: പത്ര മാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ്.ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ എന്നിവ വഴി പദ്ധതിയ്ക്കുവേണ്ട പ്രചരണം, പരിശീലനം, ബോധവല്ക്കരണം എന്നിവ നൽകുന്നു.

**ജില്ലാ ക്ലസ്റ്റർ വികസനം:** കാര്യക്ഷമമായി പ്രവർത്തിക്കുന്ന 1000 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. കൂടാതെ പമ്പ് സെറ്റ്, സസ്യ സംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. തരിശു നില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/- രൂപ നിരക്കിൽ 1000 ഹെക്ടറിന് ധനസഹായം നൽകുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000/- രൂപ നിരക്കിൽ 1000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ ധനസഹായം നൽകുന്നു. മീഡിൽ എൻ.ജി.ഒ.-കൾ, മറ്റിതര ഗ്രൂപ്പുകൾ എന്നിവ വഴി 10 രൂപ വിലവരുന്ന 17 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നു. ഇതു കൂടാതെ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും, ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമ സൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിൻ കീഴിൽ നൽകുന്നു. കൂടാതെ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തിരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്.

**ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം:** ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ വീതം 100 പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ധനസഹായം നൽകുന്നു. മുൻ വർഷങ്ങളിൽ ഗ്രേഡ് ചെയ്യപ്പെട്ട 435 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്ററൊന്നിന് 1 ലക്ഷം വീതം ധനസഹായം നൽകുന്നു.

**നഴ്സറികൾ സ്ഥാപിക്കൽ:** ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 80 ലക്ഷം രൂപയും പഴയ ബ്ലോക്ക് തല നഴ്സറികളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി നഴ്സറി ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയും പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി നഴ്സറി ഒന്നിന് 7 ലക്ഷം രൂപ നിരക്കിൽ 70 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

**സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും:** സൂക്ഷ്മ ജലസേചന വളപ്രയോഗ യൂണിറ്റ് സ്ഥാപിക്കുന്നതിന് 30,000 രൂപ വരെ ധനസഹായം നൽകുന്നു. വീടുകളിൽ തുള്ളി നന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75% ധനസഹായം (പരമാവധി 7500 രൂപ വരെ) നൽകുന്നു.

പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം: 1334 ശീതീകരണ അറകൾക്കായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിർമ്മാണം നടത്തിവരുന്നു.

**പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം:** മിനി-പോളീഹൗസുകൾ സ്ഥാപിക്കുന്നതിനു വേണ്ടി 75% ധനസഹായം (10 ചതുരശ്ര മീറ്ററിന് 45,000 രൂപ, 20 ചതുരശ്ര മീറ്ററിന് 60000

രൂപ എന്നീ തോതിൽ) നൽകുന്നു.

**'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ:** പച്ചക്കറി ഉല്പാദന കമ്പനികൾ സ്ഥാപിക്കുന്നതിനായി 500 ലക്ഷം രൂപ ധനസഹായം വകയിരുത്തിയിട്ടുണ്ട്.

മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം: 75% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നതിലേയ്ക്കായി 270 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം:** 75% സബ്സിഡി നിരക്കിൽ (പരമാവധി 1,50,000 രൂപ വരെ) കാർഷിക വിജ്ഞാൻ കേന്ദ്രം, കാർഷിക സർവ്വകലാശാല എന്നിവരുടെ സഹകരണത്തോടെ ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മൊത്തം 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്': കാർഷിക സർവ്വകലാശാലയുടെ സുരക്ഷിത ഭക്ഷണം എന്ന പദ്ധതിയിൽ പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനു വേണ്ടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**അവാർഡ് വിതരണം:** പച്ചക്കറി കൃഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുന്നു.

**ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം:** മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന 5 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയും പുതിയ 3 ബ്ലോക്ക് ലെവൽ സമിതികൾ രൂപീകരിക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ നിരക്കിൽ 30 ലക്ഷം രൂപയും നീക്കി വച്ചിരിക്കുന്നു. ബ്ലോക്ക് ലെവൽ സമിതികളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് പരിശീലനം നൽകുന്നതിലേയ്ക്കായി മൊത്തം 25 ലക്ഷം രൂപയും മുൻവർഷങ്ങളിലെ ബ്ലോക്ക് ലെവൽ സമിതികൾ 'റിവോൾവിംഗ് ഫണ്ട്' ആയി 10 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു.

**മഴമറ നിർമ്മാണം:** 1400 മഴമറകൾ സ്ഥാപിക്കുന്നതിനായി ഒരു മഴമറയ്ക്ക് 50000 രൂപ നിരക്കിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അയതു പ്രകാരം മഴമറകൾനിർമ്മിച്ച് വരുന്നു. ബാഹ്യ നിരീക്ഷണം: ബാഹ്യ ഏജൻസി വഴി പദ്ധതി വിലയിരുത്തുന്നതിനായി 40 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം:** കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകുന്നു. ഇതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വി.എഫ്.പി.സി.കെ.** – വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ